## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4687** | 23.07.2015-ൽ മറുപടി പറയേണ്ടിയിരുന്നത് |
|---|---|

### നികുതി കുടിശ്ശികയ്ക്ക് നല്കിയ സ്റ്റേ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. ഹംസ** | | ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വിവിധ നികുതികൾ വർദ്ധിപ്പിച്ചു ; ഓരോ ഇനത്തിലും വരുത്തിയ വർദ്ധന എത്രയായിരുന്നു ; | (എ) | ധനകാര്യ നിയമപ്രകാരം വർദ്ധിപ്പിച്ച നികുതികളുടെ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു. വർഷങ്ങളായി വർദ്ധിപ്പിക്കാതിരുന്ന വിവിധ കരണങ്ങളുടെ മുദ്ര നിരക്ക് കാലോചിതമായി പരിഷ്കരിക്കുകയും പുതുതായി ചില മുദ്രനിരക്കുകൾ ഏർപ്പെടുത്തുകയും ചെയ്തു. വിശദ വിവരം അനുബന്ധം - 2 ൽ ചേർക്കുന്നു. വാഹന നികുതി 4 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ നികുതിയിനമായ അടിസ്ഥാന നികുതി (ബേസിക് ടാക്സ്) രണ്ട് പ്രാവശ്യവും, ബിൽഡിംഗ് ടാക്സ്, കെട്ടിടങ്ങൾക്കുള്ള ലക്ഷ്വറി ടാക്സ് എന്നിവ ഒരു പ്രാവശ്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. റെസിഡൻഷ്യൽ ബിൽഡിംഗുകൾക്കും, മറ്റ് ബിൽഡിംഗുകൾക്കും നിലവിലുണ്ടായിരുന്ന കെട്ടിട നികുതി നിരക്കുകൾ 23/07/2014-ാം തീയതിയിലെ ഉത്തരവ് പ്രകാരം, 01/04/2014 പ്രാബല്യത്തിൽ ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 278.7 |

| | | | |
|---|---|---|---|
| | | | ചതുരശ്ര മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ള റെസിഡൻഷ്യൽ ബിൽഡിംഗുകൾക്ക് 31/03/2014-ാം തീയതി വരെ ലക്ഷ്വറി ടാക്സ് ഇനത്തിൽ പ്രതിവർഷം 2000/- രൂപ ഈടാക്കിയിരുന്നത് 01/04/2014 ലെ തീയതി പ്രാബല്യത്തിൽ ഇരട്ടിയാക്കി പ്രതിവർഷം 4000/- രൂപ നിരക്കിൽ ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. എക്സൈസ് വകുപ്പിനെ സംബന്ധിച്ച് വിവിധ മദ്യങ്ങളുടെ എക്സൈസ് ഡ്യൂട്ടി ഒരു പ്രാവശ്യം (01/04/2015 മുതൽ) വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു. |
| (ബി) | 31.3.2011 ലെ നികുതിഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നത്തെ (30.6.15) നികുതിഘടന എത്ര ശതമാനം വർദ്ധനവാണ് കാണിക്കുന്നത് ; | (ബി) | വാണിജ്യ നികുതിയിനത്തിൽ 2010-11 ലെ നികുതി പിരിവും 2014-15 ലെ നികുതി പിരിവും താരതമ്യം ചെയ്യുമ്പോൾ 73 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിവിധ കരണങ്ങളുടെ മുദ്ര നിരക്കിൽ ഉണ്ടായ വർദ്ധനവ് അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്. വാഹന നികുതിയിനത്തിൽ 82.24% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 30/03/2011- ൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ലാന്റ് റവന്യൂ നികുതിയിനങ്ങളിൽ അടിസ്ഥാന ഭൂനികുതിയിനത്തിൽ 5 ഇരട്ടി വർദ്ധനവും, ബിൽഡിംഗ് ടാക്സ് ഇനത്തിൽ ഇരട്ടി വർദ്ധനവും, ലക്ഷ്വറി ടാക്സ് ഇനത്തിൽ ഇരട്ടി വർദ്ധനവും 30/06/2015 – ഓടെ വന്നിട്ടുള്ളതായി കാണുന്നു. വിവിധ നിരക്കിലുള്ള മദ്യത്തിന്റെ നികുതിഘടനയിലുള്ള വർദ്ധനവ് അനുബന്ധം III ആയി ചേർക്കുന്നു. |
| (സി) | 1.7.2011 മുതൽ 30.6.2015 വരെ നികുതി കുടിശ്ശികയ്ക്ക് എത്ര സ്റ്റേ അനുവദിച്ചു; എത്ര കേസുകൾ; എത്ര രൂപയുടെ സ്റ്റേ ; വിശദാംശം | (സി) | അബ്കാരി കുടിശ്ശികയിനത്തിൽ 8 കേസുകളിലായി 1,02,24,908/- രൂപയ്ക്ക് ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ ; | | വാല്യൂവേഷൻ കേസുകളിൽ 2015 മെയ് മാസം വരെ 168 കേസുകളിലായി 4.58 കോടി രൂപ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. വാഹന നികുതി കുടിശ്ശികയ്ക്ക് സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ സ്റ്റേ ഒന്നും നൽകിയിട്ടില്ല. 2011 മാർച്ച് മാസം വരെ ലാന്റ് റവന്യൂ നികുതിയിനങ്ങളിൽ വിവിധ സ്റ്റേയിനങ്ങളിൽ അനുവദിച്ചിരുന്ന തുകയും തുടർന്ന് 30/06/2015 വരെ അനുവദിച്ചിരുന്ന സ്റ്റേയിനങ്ങളിലെ തുകയും തമ്മിലുള്ള വ്യത്യാസം കണക്കിലെടുക്കുമ്പോൾ ഡി.സി.ബി. കണക്ക് പ്രകാരം പ്രസ്തുത കാലയളവിൽ ഏകദേശം 7630 ലാന്റ് റവന്യൂ കേസുകളിലായി 7.25 കോടി രൂപയുടെ സ്റ്റേ നികുതിയിനങ്ങളിൽ വിവിധ സ്റ്റേകളിൽ (കോടതി, ഗവൺമെന്റ്, അപ്പലേറ്റ്) ഉൾപ്പെട്ട് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശം അനുബന്ധം IV ആയി ചേർക്കുന്നു. കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 01/07/2011 മുതൽ 30/06/2015 വരെ നികുതി കുടിശ്ശികയ്ക്ക് 7995 കേസുകളിലായി 2829.21 കോടി രൂപയുടെ സ്റ്റേ അനുവദിച്ചു. |
| (ഡി) | 1.4.15 ലെ കണക്കിൻ പ്രകാരം എത്ര തുകയുടെ നികുതികുടിശ്ശിക ഉണ്ടായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ഡി) | 1.04.2015 – ലെ കണക്ക് പ്രകാരം 2,24,00,66,945/- രൂപ അബ്കാരി കുടിശ്ശികയിനത്തിൽ നിലനിൽക്കുന്നു. വില്പന നികുതി, വാറ്റ്, കാർഷികാദായ നികുതി എന്നീയിനങ്ങളിൽ യഥാക്രമം 2741.44/-, 3591.83/-, 65.04/- കോടി രൂപ കുടിശ്ശികയുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വാഹന നികുതിയിനത്തി ലുള്ള കുടിശ്ശിക 1279.46 കോടി രൂപയാണ്. ഇതിൽ 984.49 കോടി രൂപ കെ.എസ്.ആർ.ടി.സി യുടെ നികുതി കുടിശ്ശികയാണ്. 01/04/2015 വരെയുള്ള കണക്ക് പ്രകാരം ലാന്റ് റവന്യൂ നികുതിയിനങ്ങളിലായി വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് കുടിശ്ശികയായി നിൽക്കുന്ന 25.35 കോടി രൂപയും |

| | | | |
|---|---|---|---|
| | | | പിരിയ്ക്കാവുന്ന മുതലിൽ കുടിശ്ശികയായി നിൽക്കുന്ന 3.98 കോടി രൂപയും ചേർത്ത് ആകെ 29.33 കോടി രൂപ പിരിച്ചെടുക്കുവാൻ കുടിശ്ശികയായുണ്ട്. |
| (ഇ) | 1.4.11 ലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (ഇ) | അബ്കാരി കുടിശ്ശിക പിരിവ് ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>കെ.ജി.എസ്.ടി. പീരീഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒരു ആംനസ്റ്റി സ്കീം നടപ്പിലാക്കിയിരുന്നു. അതിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരുന്നു. നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സ്റ്റേ ഉത്തരവുകളും പിൻവലിച്ചു. നിലവിലുള്ള അപ്പീലുകളും സ്റ്റേ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കാൻ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) മാരോട് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ മാസവും വർക്ക് റിവ്യൂ നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. സ്റ്റേ അനുവദിക്കുന്നതിന് നിബന്ധനയായി ഡിമാന്റിന്റെ 30% എങ്കിലും അടച്ചിരിക്കണം എന്ന മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ട്. ഹൈക്കോടതി സ്റ്റേ ഉള്ള കേസുകളും ഹർജികൾ നിലവിലുള്ള കേസുകളും A,B,C. എന്നീ ക്ളാസ്സുകളായി തരം തിരിച്ച് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് സ്റ്റേ നീക്കി കിട്ടുവാനും ഹർജികൾ എത്രയും പെട്ടെന്ന് തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖാന്തിരം നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർമാരുടെ യോഗങ്ങൾ ചേരുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിശ്ശിക നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്ന |

| | | | |
|---|---|---|---|
| | | | ജില്ലയ്ക്ക് ഒരു കോടി രൂപയുടെ പ്രോത്സാഹന സമ്മാനം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ നടപടികൾ തീർപ്പാക്കുന്നതിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിന്റെ കാലാവധി 31.03.2014 ൽ അവസാനിച്ചതിനെത്തുടർന്ന് കുടിശ്ശിക പിരിച്ചെടുക്കാനായി കക്ഷികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വരുന്നു. തുക ഒടുക്കാൻ തയ്യാറാകാത്ത കക്ഷികളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തുക ഈടാക്കാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ആഴ്ചയിൽ ഒരു ദിവസം ടാക്സേഷൻ ജോലികൾക്കു മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ലാന്റ് റവന്യൂ നികുതിയിനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രത്യേക ഊർജ്ജിത നികുതി പിരിവ് നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. വിവിധ സ്റ്റേയിനങ്ങളിൽ തുടരുന്ന കേസുകൾ പ്രത്യേകം പരിശോധിച്ച് സ്റ്റേ ഒഴിവാക്കി പ്രസ്തുത തുക മുതലിൽ ചേർത്ത് പിരിവ് വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം വകുപ്പ് തലത്തിൽ നൽകിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത കാലയളവിലെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ അനുവദിച്ചുവോ; എങ്കിൽ എത്ര തുകയ്ക്ക് സ്റ്റേ അനുവദിച്ചു ? | (എഫ്) | അബ്കാരി കുടിശ്ശികയിനത്തിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. 8,24,20,453/- രൂപയ്ക്ക് ബഹു. ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, |

| | | | |
|---|---|---|---|
| | | | ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടില്ല. 01/04/2011 വരെ ലാന്റ് റവന്യൂ നികുതിയിനങ്ങളിൽ പിരിക്കേണ്ടതായിരുന്ന ആകെ മുതലിൽ പ്രസ്തുത കാലയളവ് വരെയുള്ള ഡി.സി.ബി. കണക്ക് പ്രകാരം 10.80 കോടി രൂപയ്ക്ക് കോടതി സ്റ്റേയും, 4.07 കോടി രൂപയ്ക്ക് ഗവൺമെന്റ് സ്റ്റേയും 3.68 കോടി രൂപയ്ക്ക് അപ്പലേറ്റ് അതോറിറ്റി സ്റ്റേയും അനുവദിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട് 2588.02 കോടി രൂപയുടെ നികുതി കുടിശ്ശികക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

## കേരള ധനകാര്യ നിയമം 2011

- പാൻമസാല, പാൻ ചട്ട്ണി തുടങ്ങിയ ചവയ്ക്കുന്ന പുകയില ഉൽപ്പന്നങ്ങളുടെ നിരക്ക് 14.5 % ത്തിൽ നിന്നും 20 ശതമാനമായി ഉയർത്തി.
- 20 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള ആഡംബര കാറുകളുടെ വിൽപ്പനയിന്മേൽ 2 ശതമാനം എസ്സൻഷ്യൽ നെസസ്സറീസ് സെസ്സ് ഏർപ്പെടുത്തി. മുമ്പ് ടി സെസ്സ് നിലവിലില്ലായിരുന്നു.
- വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷാ സെസ്സ് 6 ശതമാനമായി ഉയർത്തി.നേരത്തെ ഇതിന്മേലുള്ള നിരക്ക് 1 % ആയിരുന്നു.

## കേരള ധനകാര്യ നിയമം 2012

- കേരള മൂല്യവർദ്ധിത നിയമത്തിലെ പൊതു നിരക്കുകളായ 4,12.5 എന്നിവ യഥാക്രമം 5,13.5 ശതമാനമായി ഉയർത്തി.
- സിഗരറ്റിന്റെയും സമാന ഉൽപ്പന്നങ്ങളുടെയും നികുതി നിരക്ക് 12.5 % ത്തിൽ നിന്നും 15 ശതമാനമായും പാൻമസാല മുതലായ പുകയില ഉൽപ്പന്നങ്ങളുടെ. നിരക്ക് 20 ശതമാനത്തിൽ നിന്നും 22.5 ശതമാനമായും ഉയർത്തി.
- ക്രഷർ മെറ്റലിന്റെ കോമ്പൗണ്ടഡ് നിരക്ക് ഉയർത്തി. 30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഉള്ളതും 40.64 സെ. മീ. x 25.40 സെ. മീ. കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 1,40,000/- രൂപയിൽ നിന്നും 1,60,000 രൂപയായി ഉയർത്തി. ഇതിനു മുകളിൽ വായ് വട്ടം ഉള്ള ക്രഷറുകൾക്ക് 2,80,000 രൂപയിൽ നിന്നും 3.20 ലക്ഷം രൂപയായും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 15 ലക്ഷം രൂപയിൽ നിന്നും 18 ലക്ഷം രൂപയുമായി ഉയർത്തി.
- പ്ലാസ്റ്റിക് ബാഗുകളുടെ നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും 20 ശതമാന മാക്കി.

- വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷാ സെസ്സ് 6 ശതമാനത്തിൽ നിന്നും 10 ശതമാനമാക്കി.

**കേരള ധനകാര്യ നിയമം 2013**

- മൂല്യവർദ്ധിത നികുതി നിയമത്തിലെ പൊതുനിരക്കായ 13.5 എന്നത് 14.5 ശതമാനമായി ഉയർത്തി.
- സിഗരറ്റിന്റെയും സമാന ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 15 ശതമാനത്തിൽ നിന്നും 20 ശതമാനമായി ഉയർത്തി.
- വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 100 ശതമാനത്തിൽ നിന്നും 105 ശതമാനമായി ഉയർത്തി.
- പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, ഇലകൾ പ്ലേറ്റുകൾ എന്നിവയുടെ നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും 20 ശതമാനമാക്കി.
- പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പ കൾക്ക് 25 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായും ബമ്പർ നറുക്കെ ടുപ്പുകളുടേത് 50 ലക്ഷം രൂപയിൽ നിന്നും 60 ലക്ഷം രൂപയുമായി ഉയർത്തി.

**കേരള ധനകാര്യ നിയമം 2014**

- ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ വാങ്ങൽ വില നൽകുന്ന വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനമായി ഉയർത്തി.വിദേശ മദ്യത്തിന്റെ നിരക്ക് 105 % ആയിരുന്നു.
- വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെയും നികുതി 0 ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തി.
- യു.പി.എസ്., അലൂമിനിയം കേമ്പോസിറ്റ് പാനൽ, മാനുഫാക്ചേർഡ് സാൻഡ് എന്നിവയുടെ നിരക്ക് 5 ശതമാനത്തിൽ നിന്നും 14.5 ശതമാനമാക്കി.
- പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പക ൾക്ക് 30 ലക്ഷം രൂപയിൽ നിന്നും 50 ലക്ഷം

രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 60 ലക്ഷം രൂപയിൽ നിന്നും 1 കോടി രൂപയുമായി ഉയർത്തി.

- ക്രഷർ മെറ്റലിന്റെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് പരിഷ്കരിച്ചു. 30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഇല്ലാത്ത ക്രഷറുകളുടെ നികുതി നിരക്ക് 40,000 രൂപയിൽ നിന്നും 80,000/- രൂപയായി ഉയർത്തി. 30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഉള്ളതും 40.64 സെ. മീ. x 25.40 സെ. മീ. കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 1,60,000 രൂപയിൽ നിന്നും 3.20 ലക്ഷം രൂപയായി ഉയർത്തി. ഇതിനു മുകളിൽ വായ് വട്ടം ഉള്ള ക്രഷറുകൾക്ക് 3,20,000 രൂപയിൽ നിന്നും 6.40 ലക്ഷം രൂപയായും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 18 ലക്ഷം രൂപയിൽ നിന്നും 36 ലക്ഷം രൂപയുമായി ഉയർത്തി.
- മാന്യുഫാക്ചേർഡ് സാൻഡിന്റെ നികുതി നിരക്ക് 5% നിന്നും 14.5% ആയി ഉയർത്തുകയും ഇതുൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് കോമ്പൗണ്ടിംഗ് രീതിയിൽ നികുതി അടയ്ക്കുവാൻ പ്രത്യേക വ്യവസ്ഥ കൊണ്ടുവരികയും ചെയ്തു.
- വർക്ക്സ് കോൺട്രാക്ട് കോമ്പൗണ്ടിംഗ് സംവിധാനം പുനക്രമീകരിച്ചു. സി. എസ്. ടി രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാർ അവരുടെ ആകെ കോൺട്രാക്ട് തുകയുടെ നികുതിയായി നൽകേണ്ടത് 6% മായി ഉയർത്തി. ഗവൺമെന്റ് കോൺട്രാക്ടുകൾക്ക് സി. എസ്. ടി ഉള്ളവർക്ക് 4 % നികുതി തുടർന്നു. എന്നാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നവർ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ വാങ്ങൽ നികുതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചു.

കരാർ പണിക്കാരുടെ മുമ്പുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി നിരക്ക് ഇപ്രകാരമാണ്. കേന്ദ്ര വിൽപന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ നിരക്ക് 3% ഉം സംസ്ഥാനത്തിനുപുറത്തുനിന്നും വാങ്ങുന്നതോ കൊണ്ടുവരുന്നതോ ആയ ചരക്കുകളുടെ വാങ്ങൽ വിലയ്ക്ക് ഷെഡ്യൂൾ നിരക്കിൽ നികുതി

അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഗവൺമെന്റ് കോൺട്രാക്ടർമാർ മൊത്തം കരാർ തുകയുടെ 4 % നികുതി അടയ്ക്കണമായിരുന്നു. കേന്ദ്ര വില്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ ഇല്ലാത്തവർ 3 % നികുതി ആണ് അടയ്ക്കേണ്ടിയിരുന്നത്.

- കേരള പൊതുവില്പന നികുതി നിയമത്തിൻ കീഴിൽ ബാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് - ഇരട്ട നക്ഷത്ര പദവിവരെയുള്ള ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി,, കന്റോൺമെന്റ് പ്രദേശങ്ങൾ, പഞ്ചായത്ത് എന്നിവ പരിഗണിച്ചുള്ള തരംതിരിവ് ഇല്ലാതാക്കി ഇത് 160 % ആയി ഉയർത്തി.

മുമ്പ് ഇരട്ട നക്ഷത്ര പദവിവരെയുള്ള ഹോട്ടലുകൾക്ക് കഴിഞ്ഞ 3 വർഷം അടച്ചതോ അടക്കേണ്ടതോ ആയ നികുതിയുടെ 115% അല്ലെങ്കിൽ കോർപ്പറേഷൻ പിരധിയിലുള്ളവർക്ക് പർച്ചേസിന്റെ 140% ഉം മറ്റു പ്രദേശങ്ങളിലുള്ളവർക്ക് പർച്ചേസിന്റെ 135% ഉം എന്നതിൽ ഏതാണോ കൂടുതൽ ആ നിരക്കിൽ കോമ്പൗണ്ട് ചെയ്യാമായിരുന്നു.

**<u>കേരള ടാക്സേഷൻ ലോ അമൻഡ്മെന്റ് ആക്ട്.</u>**

കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽവിലയുള്ള ബിയർ , വൈൻ എന്നിവ ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതിനിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതിനിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും മറ്റു വിദേശ മദ്യത്തിന്റെ നിരക്ക് 105 ശതമാനത്തിൽ നിന്നും 125 ശതമാനമായും ഉയർത്തി. കൂടാതെ സിഗരറ്റിന്റെ നികുതിനിരക്ക് 22 ശതമാനത്തിൽ നിന്നും 30 ശതമാനമായും വർദ്ധിപ്പിച്ചു. നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ കരാറുപണിക്കാരുടെ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2)

പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തു.

## കേരള ധനകാര്യ ബിൽ 2015

- ചലച്ചിത്രങ്ങളുടെ പകർപ്പവകാശ കൈമാറ്റത്തിന്മേലുള്ള നികുതി നൈലോൺ കയർ, പോളിസ്റ്റർ കയർ, പോളിസ്റ്റർ ട്വയിൻ , പ്ലാസ്റ്റിക്ക് നിർമ്മിതമായ ചൂല് , ബ്രഷ്, മോപ്പ് , പ്രിപ്പയേർഡ് പൗൾട്രി ഫീഡ് എന്നിവ യുടെ നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 5 % ആയി ഉയർത്തി.

- എല്ലാത്തരം തുണിത്തരങ്ങളുടെ നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 1 ശതമാനമായി ഉയർത്തി.

- ബീഡിയുടെ നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി വർദ്ധിപ്പിച്ചു.

- ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനം ചെയ്യുന്ന ഏജൻസികൾ, ആർ. ബി. ഐയുടെ അംഗീകാരമുള്ളവർ സംസ്ഥാനത്ത് വില്ക്കുന്ന ബുള്ള്യൻ ഒഴിച്ച് മറ്റുള്ള ബുള്ള്യന്റെ നികുതി നിരക്ക് 5 ശതമാനമായി ഉയർത്തി. നേരത്തെ ബുള്ള്യന്റെ നികുതി നിരക്ക് 1 ശതമാനമായിരുന്നു.

- പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങളുടെ നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി വർദ്ധിപ്പിച്ചു.

- പ്ലാസ്റ്റിക്ക് കപ്പ്, പ്ലേറ്റ്, ഡിസ്പോസിബിൾ സ്റ്റൈറോഫോം കപ്പ്, പ്ലേറ്റ്, തെർമോകോൾ, സ്റ്റൈറോഫോം ഷീറ്റ് പ്രിന്റഡ് ഫ്ലക്സ് എന്നിവയുടെ നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചു.

SO S.O

133

## അനുബന്ധം – III

| ക്രമ നമ്പർ | ഇനം | സെക്ഷൻ/ ആർട്ടിക്കിൾ | നിലവിൽ ഉണ്ടായിരുന്ന മുദ്ര നിരക്ക് 31.3.2011 | 01.04.2013ലെ ഫിനാൻസ് ആക്റ്റ് പ്രകാരം പുതുക്കി നിശ്ചയിച്ച മുദ്ര നിരക്ക് | 01.04.2014ലെ ഫിനാൻസ് ആക്റ്റ് പ്രകാരം പുതുക്കി നിശ്ചയിച്ച മുദ്ര നിരക്ക് | 1.4.2015 ലെ ഫിനാൻസ് ബില്ലിലൂടെ പുതുക്കി നിശ്ചയിച്ച മുദ്ര നിരക്ക് | 31.3.2011 ലെ നിരക്കുമായി താരതമ്യം ചെയ്ത് 30.6.2015 ലെ നികുതി വർദ്ധന |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | |
| 1 | സമ്മതാധാരം | സെക്ഷൻ 4 സബ് സെക്ഷൻ (1) | 100 | 500 | -- | -- | 400% |
| 2 | ബന്ധവസാധാരം സംബന്ധിച്ച പിഴ | സെക്ഷൻ 39(1) (ബി) | 5 രൂപയോ ശരിയായ/കുറവുള്ള മുദ്രവിലയുടെ പത്തിരട്ടിയിൽ കവിയാത്ത തുകയോ | 10 രൂപയോ ശരിയായ/കുറവുള്ള മുദ്രവിലയുടെ പത്തിരട്ടിയിൽ കവിയാത്ത തുകയോ | -- | -- | |
| 3 | പ്രതിമാസ നിക്ഷേപ | ആർട്ടിക്കിൾ 5(ഡി) | ഇല്ല | ഇല്ല | ആളൊന്നിന് 100 രൂപ നിരക്കിൽ | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്കീമിലേയ്ക്ക് സഹകരണ ബാങ്കുകളിലും /സൊസൈറ്റികളിലും ഉള്ളനിക്ഷേപകരുടെ ഉടമ്പടി | | | | | | |
| 4 | ബാങ്കും ഭൂവുടമകളും തമ്മിൽ എ.റ്റി.എം മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി | ആർട്ടിക്കിൾ 5(ഇ) | ഇല്ല | ഇല്ല | 2500/ Yr | 1250/- Year in Panchayath 2500/-Year in Other Areas | |
| 5 | കമ്പനികളും ഭൂവുടമകളും തമ്മിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി | ആർട്ടിക്കിൾ 5(എഫ്) | ഇല്ല | ഇല്ല | 5000/ Yr | — | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | ഉടമ്പടിയോ ഉടമ്പടിമെമ്മോറാണ്ടമോ | ആർട്ടിക്കിൾ 5(ജി) | | | | [illegible] | |
| 7 | ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ | | | | | | |
| | 1) 10 ലക്ഷം വരെ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | ആർട്ടിക്കിൾ 10(എ) | 1000 | ഇല്ല | 2000 | — | 100/% |
| | 2) 10 ലക്ഷം മുതൽ 25 ലക്ഷം വരെ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | ആർട്ടിക്കിൾ 10(ബി) | 1000 | ഇല്ല | 5000 | — | 400% |

| | | | | | | | |
|---|---|---|---|---|---|---|---|
| | 3) 25 ലക്ഷത്തിന് മുകളിൽ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | ആർട്ടിക്കിൾ 10(സി) | 1000 | ഇല്ല | 0.5% of the authorised capital | -- | |
| 8 | റദ്ദുകരണം | ആർട്ടിക്കിൾ 15 | 250 | 500 | -- | -- | 100% |
| 9 | ഷെയർ സർട്ടിഫിക്കറ്റ് | ആർട്ടിക്കിൾ 17 | 50 പൈസ | ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ | -- | -- | |
| 10 | ചിട്ടി/ വരിയോല | ആർട്ടിക്കിൾ (19) | ഓരോ ആയിരം രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 25 രൂപ | -- | ഓരോ ആയിരം രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 50 രൂപ | -- | |
| 11 | തീറാധാരം (പഞ്ചായത്ത്) | ആർട്ടിക്കിൾ 21(i) | 7% | 5% | 6% | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 3 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 21(ii) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 2 മടങ്ങ് | -- | – | |
| | 3 മുതൽ 6 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 21(iii) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 1.5 മടങ്ങ് | -- | – | |
| 12 | തീറാധാരം (മുനിസിപ്പാലിറ്റി ) | ആർട്ടിക്കിൾ 22 I | 8% | 6% | -- | -- | |
| | 3 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 22 I(i) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 2 മടങ്ങ് | -- | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | 3 മുതൽ 6 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 22 I(ii) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 1.5 മടങ്ങ് | -- | -- | |
| 13 | തീറാധാരം (കോർപ്പറേഷൻ) | ആർട്ടിക്കിൾ 22 II | 9% | 7% | 6% | -- | |
| | 3 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 22 II(i) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 2 മടങ്ങ് | -- | -- | |
| | 3 മുതൽ 6 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | ആർട്ടിക്കിൾ 22 II(ii) | ഇല്ല | മുന്നാധാരത്തിന്റെ മുദ്രയുടെ 1.5 മടങ്ങ് | -- | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | പകർപ്പോ സംക്ഷേപമോ | ആർട്ടിക്കിൾ 23(i) | 10 | 20 | -- | -- | |
| | | ആർട്ടിക്കിൾ 23(ii) | 20 | 50 | -- | -- | |
| 15 | എതിർകരണം അല്ലെങ്കിൽ ഇരട്ടിപ്പ് | ആർട്ടിക്കിൾ 24(ii) | 15 | | | 500/- | 2667% |
| 16 | ചുങ്കച്ചീട്ട് അഥവാ കേന്ദ്ര കസ്റ്റംസ് ബോണ്ട് | ആർട്ടിക്കിൾ 25(b) | ഓരോ 100രൂപയ്ക്കും ഭാഗത്തിനും 5രൂപ വീതം | | | 500/- | |
| 17 | സംസ്ഥാന ബാർ കൗൺസിൽ പട്ടികയിൽ അംഗമായി ചേർന്ന സർട്ടിഫിക്കറ്റ്. | ആർട്ടിക്കിൾ 28 | 250 | | | 1000/- | 500% |
| 18 | കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം | ആർട്ടിക്കിൾ 31(1) | വില/ പ്രതിഫലത്തിന്റെ 2% പരമാവധി 1000 രൂപ | -- | 2014-ലെ ഓർഡിനൻസ് മുഖേന പരമാവധി 1000 രൂപ എന്ന പരിധി ഒഴിവാക്കിയെങ്കിലും 2014-ലെ ഫിനാൻസ് ആക്റ്റ് മുഖേന പുനഃസ്ഥാപിച്ചു. | -- | |

147

| | | | | | |
|---|---|---|---|---|---|
| 19 | 1955ലെ ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആന്റ് റൂൾസ് ആന്റ് റെഗുലേഷൻസ് | ആർട്ടിക്കിൾ 36(a)<br><br>ആർട്ടിക്കിൾ 36(b) | 500<br><br>1000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 20 | വാടക ലൈസൻസ് | ആർട്ടിക്കിൾ 35(എ) | | | | ആർട്ടിക്കിൾ 33 പ്രകാരമുള്ള ലീസിന്റെ മുദ്ര. | |
| 21 | കുറിമാനമോ മെമ്മോറാണ്ഡമോ | ആർട്ടിക്കിൾ 40(ബി)(i) | ഓരോ 10000-ന് 1രൂപ/പരമാവധി 250/- | ഓരോ 10000-ന് 1രൂപ | -- | -- | |
| | | ആർട്ടിക്കിൾ 40(ബി)(ii) | ഓരോ 50000-ന് 1രൂപ/പരമാവധി 250/- | ഓരോ 50000-ന് 1രൂപ | -- | -- | |
| | | ആർട്ടിക്കിൾ 40(സി) | ഓരോ 50000-ന് 1രൂപ/പരമാവധി 250/- | ഓരോ 50000-ന് 1രൂപ | -- | -- | |
| | | ആർട്ടിക്കിൾ 40(ഡി) | ഓരോ 100000-ന് 1രൂപ/പരമാവധി 250/- | ഓരോ 100000-ന് 1രൂപ | -- | -- | |
| 22 | കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം | ആർട്ടിക്കിൾ 42(1) | ന്യായവില/ മൂല്യത്തിന്റെ 1% പരമാവധി 1000/- രൂപ | -- | 2014-ലെ ഓർഡിനൻസ് മുഖേന പരമാവധി 1000 രൂപ എന്ന പരിധി ഒഴിവാക്കിയെങ്കിലും 2014-ലെ ഫിനാൻസ് ആക്റ്റ് | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | മുഖേന പുനഃസ്ഥാപിച്ചു. | | |
| 23 | കൂട്ടു കച്ചവടം | ആർട്ടിക്കിൾ 43(എ) | 1000 | 5000 | -- | -- | 400% |
| 24 | കൂട്ടു കച്ചവട പിരിവാധാരം | ആർട്ടിക്കിൾ 43(ബി) | 250 | 1000 | -- | -- | 300% |
| 25 | കുടുംബാംഗങ്ങളുടെ പേർക്കുള്ള ഒഴിമുറി | ആർട്ടിക്കിൾ 48(എ) | ഒഴിയുന്ന അവകാശത്തിന്റെ ന്യായവില/ മൂല്യത്തിന്റെ 1% പരമാവധി 1000/- രൂപ | -- | 2014-ലെ ഓർഡിനൻസ് മുഖേന പരമാവധി 1000 രൂപ എന്ന പരിധി ഒഴിവാക്കിയെങ്കിലും 2014-ലെ ഫിനാൻസ് ആക്റ്റ് മുഖേന പുനഃസ്ഥാപിച്ചു. | -- | |
| 26 | ജാമ്യക്കച്ചീട്ടോ പണയാധാരമോ | ആർട്ടിക്കിൾ 50(ബി) | ഓരോ 100 രൂപയ്ക്കും 5 രൂപ | | | 500/- | |
| 27 | കുടുംബാംഗങ്ങളുടെ പേർക്കുള്ള ധനനിശ്ചയം | ആർട്ടിക്കിൾ 51(1) | ന്യായവില/ മൂല്യത്തിന്റെ 2% പരമാവധി 1000/- രൂപ | -- | 2014-ലെ ഓർഡിനൻസ് മുഖേന പരമാവധി 1000 രൂപ എന്ന പരിധി ഒഴിവാക്കിയെങ്കിലും 2014-ലെ ഫിനാൻസ് ആക്റ്റ് മുഖേന പുനഃസ്ഥാപിച്ചു. | -- | |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | ധനനിശ്ചയ റദ്ദ് | ആർട്ടിക്കിൾ 51(ബി) | 100 | 500 | -- | -- | 400% |
| 29 | പാട്ട ഒഴിമുറി | ആർട്ടിക്കിൾ 54(ബി) | 100 | 250 | -- | -- | 150% |

S.O.

SO

# അനുബന്ധം - III

| | | |
|---|---|---|
| 1 | 235 രൂപയ്ക്കും അതിന് മുകളിലും എന്നാൽ 250 രൂപയ്ക്ക് താഴെ വിലയുള്ള ഇൻഡ്യൻ നിർമ്മിത വിദേശ മദ്യങ്ങൾ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 21%-ലേക്ക് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. |
| 2 | 250 രൂപയ്ക്ക് മുകളിൽ എന്നാൽ 300 രൂപയ്ക്ക് താഴെ വിലയുള്ള ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങൾ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 22.5%-ലേക്ക് വർദ്ധിപ്പിച്ചു. |
| 3 | 300 രൂപയ്ക്ക് മുകളിൽ എന്നാൽ 400 രൂപയ്ക്ക് താഴെ വിലയുള്ളവ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 22.5%-ലേക്ക് വർദ്ധിപ്പിച്ചു. |
| 4 | 400 രൂപയ്ക്ക് മുകളിൽ എന്നാൽ 500 രൂപയ്ക്ക് താഴെ വിലയുള്ളവ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 23.5%-ലേക്ക് വർദ്ധിപ്പിച്ചു. |
| 5 | 500 രൂപയ്ക്ക് മുകളിൽ എന്നാൽ 1000 രൂപയ്ക്ക് താഴെ വിലയുള്ളവ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 23.5%-ലേക്ക് വർദ്ധിപ്പിച്ചു. |
| 6 | 1000 രൂപയ്ക്ക് മുകളിൽ വിലയുള്ളവ | പ്രൂഫ് ലിറ്ററിന് വാങ്ങൽ വിലയുടെ 23.5%-ലേക്ക് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. എന്നാൽ പരമാവധി വർദ്ധനവ് പ്രൂഫ് ലിറ്ററിന് 237 രൂപയായി നിജപ്പെടുത്തി യിട്ടുണ്ട്. |
| 7 | ബിയർ/വൈൻ ഇറക്കുമതി ഫീസ് | ബൾക്ക് ലിറ്ററിന് 3 രൂപയിൽ നിന്ന് 5 രൂപയിലേക്കുയർത്തി |

SO

# അനുബന്ധം IV

| ലാന്റ് റവന്യൂ നികുതിയിനം | 01/04/2011 മുതൽ 30/06/2015 വരെയുള്ള കാലയളവിൽ വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് വന്ന തുക | | | | | | ആകെ സ്റ്റേ | |
|---|---|---|---|---|---|---|---|---|
| | കോർട്ട് സ്റ്റേ | | ഗവൺമെന്റ് സ്റ്റേ | | അപ്പലേറ്റ് സ്റ്റേ | | | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| അടിസ്ഥാന ഭൂ നികുതി | 4 | 2.87 | 572 | 86.67 | 5049 | 36.59 | 5625 | 126.13 |
| ബിൽഡിംഗ് ടാക്സ് | 55 | 1.65 | 82 | 157.24 | 210 | 165.68 | 347 | 324.57. |
| പ്ലാന്റേഷൻ ടാക്സ് | 355 | 164.22 | 276 | 51.14 | 5 | 1.24 | 636 | 216.6 |
| ഇറിഗേഷൻ ടാക്സ് | 0 | 0 | 33 | 0.11 | 759 | 3.22 | 792 | 3.33 |
| ലക്ഷ്വറി ടാക്സ് | 26 | 47 | 31 | 3.08 | 173 | 51.02 | 230 | 54.57 |
| | | | | | **ആകെ** | | **7630** | **725.20** |

Signature, S.O